പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 152 26-10-2026-ൽ മറുപടിയ്ക്ക്

ആഗോള ഹെൽത്ത് ഡെസ്റ്റിനേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സേനാപതി വേണു	ശ്രീ. കെ. മുരളീധരൻ
ശ്രീ. വി. ടി. സൂരജ്	(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)
ശ്രീ. എം. എം. നസീർ	

(എ) കാലാവസ്ഥയും മറ്റ് അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി സ്വദേശികളും വിദേശികളും ചികിത്സയ്ക്കായി എത്തുന്ന ഹെൽത്ത് ഡെസ്റ്റിനേഷനായി സംസ്ഥാനത്തെ മാറ്റാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കാലാവസ്ഥയും മറ്റ് അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി സ്വദേശികളും വിദേശികളും ചികിത്സയ്ക്കായി എത്തുന്ന ഹെൽത്ത് ഡെസ്റ്റിനേഷനായി സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

(ബി) ഇതിനായി വെൽനസ് സെന്ററുകൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്ട്രോക്ക് ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ഹോളിസ്റ്റിക് ചികിത്സ നൽകുന്ന സംവിധാനങ്ങൾ എന്നിവ ആരംഭിക്കുമോ; വിശദമാക്കാമോ;

മറുപടി: ഇതിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(സി) രോഗപ്രതിരോധത്തിനും രോഗനിർണ്ണയത്തിനുമായി സംസ്ഥാനത്ത് വിപുലമായ ക്യാംപെയ്ൻ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും രോഗസാധ്യതയുള്ളവരെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി 21.08.2026-ലെ സ.ഉ.(സാധാ) നം.2810/2026/ആ.കു.വ പ്രകാരം **ഹൃദയാരാഗം** പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, ക്യാൻസർ, കരൾരോഗം, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക, തുടർപരിചരണം ഉറപ്പാക്കുക, രോഗസങ്കീർണതകൾ ഒഴിവാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 18 വയസ്സിനു മുകളിലുള്ളവരെ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി, ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് നടത്തുന്ന സർവേയിലൂടെയും പ്രാഥമിക സ്ക്രീനിങ്ങിലൂടെയും രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നു.

ഡിജിറ്റൽ സംവിധാനത്തിലൂടെ രോഗികളെ നിരീക്ഷിച്ച് തുടർച്ചയായ പരിചരണവും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണവും നൽകിവരുന്നു. ഗ്രാമീണ-ഗോത്ര മേഖലയിൽ നിലമ്പൂർ നിയമസഭാ മണ്ഡലത്തിലും, മലയോര മേഖലയിൽ ഇടുക്കി നിയമസഭാ മണ്ഡലത്തിലും, നഗരമേഖലയിൽ വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലത്തിലും പരീക്ഷണാടിസ്ഥാനത്തിൽ (പൈലറ്റ്) പദ്ധതി നടപ്പിലാക്കുന്നതിനും തുടർന്ന് സംസ്ഥാനവ്യാപകമായി വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ